ഉത്തരം

ഡിബഞ്ചർ സ്കീം ഒരു നിർബന്ധിത സ്കീം അല്ലാത്തതിനാൽ ഹരിജൻ കോളനികളിലെ താമസക്കാരെ ഡിബഞ്ചർ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ഹോട്ടൽ കെട്ടിടം റീ ഓക്ഷൻ നടത്താൻ സത്വരനടപടി

174. [167] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ വകയായ ശാന്തിനഗറിലെ ബിസിനസ് ആവശ്യങ്ങൾക്കു വേണ്ടി കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ ഓക്ഷൻ ചെയ്തു കൊടുത്തിട്ട് ഇപ്പോൾ എത്ര വർഷമായെന്നു പറയാമോ;

(ബി) ഇങ്ങനെ നൽകുന്ന കെട്ടിടങ്ങൾ കൂടുതൽ ലാഭത്തിനുവേണ്ടി സബ്ലീസ് ചെയ്യാൻ ഇപ്പോഴും വ്യവസ്ഥ നിലവിലുണ്ടോ:

(സി) ഇല്ലെങ്കിൽ ഹൗസിംഗ് ബോർഡിനോട് ചേർന്നുള്ള സി. ഐ. റ്റി. കോർണർ എന്ന ഹോട്ടൽ (റിറ്റ്സ് ടൂറിസ്റ്റ് ഹോം) ഏതാണ്ട് പത്തുവർഷങ്ങൾക്കു മുൻപ് കലാനിലയം കൃഷ്ണൻ നായർ ആയിരം രൂപ വാടകയ്ക്ക് എടുത്തിട്ട് ഇപ്പോഴത്തെ ആ ഹോട്ടലിന്റെ മാനേജുമെന്റിന് രണ്ടായിരം രൂപ നിരക്കിന് വാടകയ്ക്ക് കൊടുത്തിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിപരീതമായി ഒരു സ്വകാര്യ വ്യക്തിക്ക് ഇങ്ങനെ ലാഭമുണ്ടാക്കിക്കൊടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ ഹോട്ടൽ കെട്ടിടം റീ ഓക്ഷൻ നടത്താൻ സത്വര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) പത്തുവർഷമായി.

(ബി) സബ്ലീസ് ചെയ്യാൻ പാടില്ലാ എന്നാണ് വ്യവസ്ഥ.

(സി) സി. ഐ റ്റി. കോർണർ ഇപ്പോൾ 1100 രൂപയ്ക്കാണ് വാടകക്ക് കൊടുത്തിട്ടുള്ളത്. സബ്ലെറ്റ് ചെയ്തിട്ടുണ്ടെന്ന് 1976 സെപ്റ്റംബറിൽ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കൃഷ്ണൻ നായർക്കെതിരായി നിയമപരമായ നടപടികൾ ഹൗസിംഗ് ബോർഡ് നടത്തിവരികയാണ്.

(ഡി) നിലവിലുള്ള വ്യവസ്ഥകൾ സ്വകാര്യ വ്യക്തികൾക്ക ലാഭമുണ്ടാക്കാൻ അനുവദിക്കുന്ന തരത്തിലുള്ളതല്ല.

(ഇ) ഇപ്പോഴുള്ള വാടകക്കാരനെ ഒഴിപ്പിച്ചു കഴിഞ്ഞാൽ കെട്ടിടം റീ ഓക്ഷൻ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly